"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-മലപ്പുറം ജില്ലയിലെ വണ്ടൂരിൽ പുലിക്കോട്ടിൽ ഹൈദർ സ്മാരകത്തിന്റെ കെട്ടിടം പൂർത്തീകരണത്തിനായി ജില്ലാ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ 25 ലക്ഷം രൂപ ഉൾപ്പെടുത്തി വകയിരുത്തിയതിന് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1802/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/09/2021

---

പരാമർശം:- 1. ബഹു.രാജ്യസഭാ എം.പി. ശ്രീ.അബ്ദുൾ വഹാബ് പി.വി.യുടെ 23.02.2021 ലെ കത്ത്.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 14.07.2021ലെ 4.27 നമ്പർ തീരുമാനം.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ വണ്ടൂരിൽ പുലിക്കോട്ടിൽ ഹൈദർ സ്മാരകത്തിന്റെ കെട്ടിടം പൂർത്തീകരണത്തിനായി ജില്ലാ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ 25 ലക്ഷം രൂപ ഉൾപ്പെടുത്തി വകയിരുത്തിയതിന് നാടൻ കലകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു സംരംഭമെന്ന നിലയിൽ പ്രത്യേക പരിഗണന നൽകി അനുമതി നൽകണമെന്ന് ബഹു.രാജ്യസഭാ എം.പി. ശ്രീ.അബ്ദുൾ വഹാബ് പി.വി. പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.07.2021 ൽ കൂടിയ യോഗത്തിൽ പരിശോധിച്ചു. ടി കമ്മിറ്റിയുടെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ വണ്ടൂരിൽ പുലിക്കോട്ടിൽ ഹൈദർ സ്മാരകത്തിന്റെ കെട്ടിടം പൂർത്തീകരണത്തിനായി ജില്ലാ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ 25 ലക്ഷം രൂപ ഉൾപ്പെടുത്തി വകയിരുത്തിയതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജി രാജേന്ദ്രൻ
ഡെപ്യൂട്ടിസെക്രട്ടറി

ബഹു.രാജ്യസഭാ എം.പി. ശ്രീ.അബ്ദുൾ വഹാബ് പി.വി, Peeves Mirage,Nilambur- 679323.
പ്രസിഡന്റ്/സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, മലപ്പുറം
ജില്ലാ പ്ലാനിംഗ് ഓഫീസർ & ജില്ലാ കളക്ടർ, മലപ്പുറം
അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Reenamma P A
Date: 20-09-2021 12:01:20
Reason: Approved

സെക്ഷൻ ഓഫീസർ